(എഫ്) പെൻഷൻ ലഭിക്കുന്ന റിട്ടയർ ചെയ്ത ഫാർമസിസ്റ്റുകളെ ഡെയിലി വേജസ്/കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ ;

(ജി) തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യത്തിൽ കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിനും പെൻഷൻകാരെ പിരിച്ചുവിടുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 179 ഒഴിവുകൾ നിലവിലുണ്ട്.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തത് കൊണ്ടാണ് ഒഴിവുകൾ നികത്താത്തത്.

(ഡി) 50 വിദ്യാർത്ഥികൾക്ക് ഫാർമസിസ്റ്റ് ട്രെയിനിംഗ് കോഴ്സു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ മാസത്തോടുകൂടി കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇതിനു വേണ്ടിവരുന്ന ചെലവും മറ്റ് ഘടകങ്ങളും കണക്കിലെടുത്താണ്.

(എഫ്) ഉണ്ട്.

(ജി) ട്രെയിനിംഗ് ലഭിച്ച ഫാർമസിസ്റ്റുകളെ പി.എസ്.സി. മുഖേന നിയമിക്കുന്ന മുറയ്ക്ക് പെൻഷൻകാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജിലെ ഫാർമസിസ്റ്റ് കോഴ്സ്

145 (3099)ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജിൽ ആയുർവേദ ഫാർമസിസ്റ്റ് കോഴ്സ് നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ ; എങ്കിൽ ഈ കോഴ്സിന് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോഴ്സിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) 50 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുന്നുവെന്നും ഇതിനായി ഓരോ വിദ്യാർത്ഥിയിൽ നിന്നും ഭീമമായ തുക പ്രതിഫലം വാങ്ങിയെന്നുമുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് അന്വേഷണം നടത്തി വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാർ തലത്തിൽ അപേക്ഷ ക്ഷണിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചാൽ നിശ്ചയമായും വിശദമായ അന്വേഷണം നടത്തും.

ടി. സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമനങ്ങൾ

146 (3100) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമനങ്ങൾ നടത്തുന്നത് ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കൗൺസിലുകളിലെ നിയമനങ്ങളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ നേരിട്ട് എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ;

(സി) ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) സ്ഥിര ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്ചേഞ്ച് മുഖേനയാണ് ഇപ്പോൾ നിയമനങ്ങൾ നടത്തുന്നത്.

(ബി) മൂന്നുപേർക്ക്.

(സി) നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാരിന്റെ മുമ്പാകെ എത്തിയിട്ടില്ല.

ടി.സി. മെഡിക്കൽ കൗൺസിലിലെയും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലെയും നിയമന നടപടി

147 (3101) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി.സി. മെഡിക്കൽ കൗൺസിലിലും കേരള നഴ്സസ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിലും നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിലെ സമാന തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബാധകമായ എല്ലാ ചട്ടങ്ങളും ഉത്തരവുകളും പ്രസ്തുത കൗൺസിലിലെ ജീവനക്കാർക്കും ബാധകമാണോ ;

LIBRARY ARCHIVES Kerala Legislative Assembly